**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1870** **08-10-2021 - ൽ മറുപടിയ്ക്ക്**

**മുൻകാലപ്രാബല്യത്തോടെ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരംകുളം പൗൾട്ടി യൂണിറ്റിൽ 14.01.1966 മുതൽ 22.01.1971 വരെ കാഷ്വൽ ലേബറായും 23.07.1971 മുതൽ 30.04.1989 വരെ സ്ഥിരം ലേബറായും ജോലി ചെയ്ത ശ്രീ പി. ചെല്ല മുത്തു നാടാർ, പ്രതിഭാ നിവാസ്, പരുത്തിവിള, കാഞ്ഞിരംകുളം പി.ഒ. എന്ന വ്യക്തിക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | രോഗിയായ ഭാര്യയോടൊപ്പം നിത്യവൃത്തിക്കുപോലും വരുമാനമില്ലാതെ കഷ്ടപ്പെടുന്ന ടിയാന് മുൻകാലപ്രാബല്യത്തോടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ശ്രീ.ചെല്ലമുത്തുനാടാർ യഥാക്രമം 2009, 2011, 2016 വർഷങ്ങളിൽ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പെൻഷനും മറ്റാനുകൂല്യങ്ങളും വേണ്ട എന്ന നിബന്ധനയിൻമേലാണ് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ടിയാൻ 60 വയസ്സുവരെ സർവീസിൽ തുടർന്നത്. അതു കൊണ്ട് നിലവിലുള്ള നിയമപ്രകാരം പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹനല്ലായെന്നും അപ്രകാരം 60 വയസ്സ വരെ സർവീസിൽ തുടരുന്നവർക്ക് പെൻഷൻ അനുവദിക്കണമെന്ന ആവശ്യം പുന:പരിശോധിച്ച് നിയമത്തിൽ മാറ്റം വരുത്തണമെന്നത് നിലവിലുള്ള സാഹചര്യത്തിൽ പരിഗണിക്കാൻ കഴിയില്ലായെന്ന വിവരം സർക്കാർ 11.11.2009ലെ 25702/ എ.എച്ച്.എഫ്3/09/എഡി നമ്പർ കത്ത് പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ അറിയിച്ചിരുന്നു. 2011 ൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന വിവരം 11.12.2014 ലെ 35925/ എ.എച്ച്.ഇ2/2012/എഡി നമ്പർ കത്ത് പ്രകാരം അപേക്ഷകനെ അറിയിക്കുകയും ആയതിനുശേഷം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ടിയാൻ 2016-ൽ സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിക്കുകയും, 60 വയസ്സ വരെ ശമ്പളവും മറ്റാനുകൂല്യങ്ങളും വാങ്ങിയ സ്ഥിരം തൊഴിലാളികൾക്ക് അവരുടെ 55 വയസ്സ വരെയുള്ള |

| | | | |
|---|---|---|---|
| | | | സേവന കാലത്തിനു പെൻഷൻ അനുവദിക്കുന്നത് 55 വയസ്സിൽ വിരമിക്കാൻ തീരുമാനമെടുത്ത തൊഴിലാളികളുടെ പരാതിക്ക് കാരണമാകും എന്നതിനാലും വിവേചനപരമായ ഇത്തരത്തിലുള്ള തീരുമാനങ്ങൾ കോടതി വ്യവഹാരങ്ങൾക്ക് വഴിവയ്ക്കും എന്നതിനാലും പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന വിവരം 20.05.2016 -ലെ ഇ2/146/2016-എ.എച്ച് നമ്പർ കത്ത് പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ